പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നംപർ.150 — 05/03/2012 – ൽ മറുപടിയ്ക്ക്

**തടവുകാരൻ ജില്ലാ കോടതിയിൽ എത്തിയ സംഭവം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.സുരേഷ് കുറുപ്പ് | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |

| | |
|---|---|
| (എ). പൂജപ്പുര സെൻട്രൽ ജയിലിൽ നിന്ന് പരാതിപ്പെട്ടിയുമായി തടവുകാരൻ തിരുവനന്തപുരം പ്രിൻസിപ്പൽ ജില്ലാ കോടതിയിൽ എത്തിയ സംഭവത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ). യും (ബി) യും: ജയിലുകളിലെ തടവുകാരുടെ പരാതികൾ രേഖപ്പെടുത്തി നിക്ഷേപിക്കുന്ന പരാതിപ്പെട്ടികൾ പ്രതിമാസം അതാത് കോടതികളിൽ എത്തിക്കാറുണ്ട്. തടവുകാരുടെ പരാതികൾ ആയതിനാൽ ഇത് കൃത്യമായി കോടതികളിൽ എത്തിക്കുന്നുണ്ടോ എന്ന് തടവുകാർക്ക് ന്യായമായും സംശയമുണ്ടാകാറുണ്ട്. ഇത് ഒഴിവാക്കുവാൻ ഒരു തടവുകാരനെക്കൂടി കോടതിയിലേക്ക് പരാതിപ്പെട്ടിയുമായി കൂടെ കൊണ്ടുപോകാറുണ്ട്. പരാതിയുണ്ടായ സാഹചര്യത്തിൽ , പരാതിപ്പെട്ടിയുമായി തടവുകാരനെ കോടതിയിൽ എത്തിച്ച നടപടി ഇനി ആവർത്തിക്കാതിരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി).എങ്കിൽ എന്തൊക്കെയാണെന്നു വിശദമാക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ? | |

സെക്ഷൻ ആഫീസർ